പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1300 10/08/2017 ൽ മറുപടിയ്ക്ക്

# സർവ്വേയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടെയും യോഗ്യതാ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി. ഗീതാഗോപി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വെ വകുപ്പിലെ സർവ്വേയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടെയും യോഗ്യതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവരുടെ യോഗ്യതകൾ തുല്യമാണെങ്കിൽ രണ്ട് വിഭാഗങ്ങളേയും ഫീൽഡ് സർവ്വേയ്ക്ക് നിയോഗിക്കുന്നതിൽ തടസ്സമുണ്ടോ ;<br>(സി) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് എന്ന വേർതിരിവ് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ടോ; ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി ) യും (സ) യും സർവ്വേയും ഭൂരേഖയും വകുപ്പിൽ ആധുനിക വത്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ജോലികളിൽ മാറ്റം വരികയും കുറവു വരികയും ചെയ്ത സാഹചര്യത്തിൽ സർവ്വെയർ, ഡ്രാഫ്റ്റ്മാൻ എന്നീ തസ്തികകളിൽ പ്രത്യേകം പ്രത്യേകം നിയമനം നടത്തേണ്ട ആവശ്യം വരുന്നില്ല. സർവ്വേ വകുപ്പിൽ ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് എന്ന വേർതിരിവ് നിലവിൽ വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നില്ല. സർവ്വെയർ ഡ്രാഫ്റ്റ്മാൻ ഇന്റഗ്രേഷൻ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സർവ്വെയർ | ഡ്രാഫ്റ്റ്മാൻ |
|---|---|
| **അടിസ്ഥാന യോഗ്യത** | **അടിസ്ഥാന യോഗ്യത** |
| SSLC യോ പൊതു ചട്ടങ്ങളിൽ 2-ാം ഭാഗത്തിലെ പട്ടികയിലെ അതിനു തുല്യമായ യോഗ്യതയോ പാസായിരിക്കണം | SSLC യോ പൊതു ചട്ടങ്ങളിൽ 2-ാം ഭാഗത്തിലെ പട്ടികയിലെ അതിനു തുല്യമായ യോഗ്യതയോ പാസായിരിക്കണം |
| **സാങ്കേതിക യോഗ്യത (Must possess)**<br>I) ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് 1966 മുതൽ നിലവിലുള്ളത്.<br>അല്ലെങ്കിൽ<br>ii) 1966 ന് മുമ്പ് ലഭിച്ച ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റും ബോർഡ് ഓഫ് റവന്യൂ അംഗീകരിച്ച നിയമങ്ങൾക്ക് അനുസൃതമായി തൃപ്തികരമായി പൂർത്തിയാക്കിയ 6 മാസത്തെ ഇംപ്ലാന്റ് ട്രെയിനിംഗും.<br>അല്ലെങ്കിൽ<br>iii) സർവ്വേയിംഗ് & ലെവലിംഗ് (ഹയർ) പാസായിരിക്കണം. ചെയിൻ സർവ്വേയോടു കൂടിയ MGTE/KGTE<br>അല്ലെങ്കിൽ<br>iv) മിലിറ്ററി സർവ്വീസിൽ സർവ്വെയർ ട്രേഡിലുള്ള 6 വർഷത്തെ പ്രവൃത്തി പരിചയം.<br><br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഹയർ സർവ്വേ ടെസ്റ്റ് പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ ടെസ്റ്റ് പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്. | **സാങ്കേതിക യോഗ്യത (Must possess)**<br>I) ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് 1966 മുതൽ നിലവിലുള്ളത്.<br>അല്ലെങ്കിൽ<br>ii) 1966 ന് മുമ്പുള്ള ഐ.ടി.ഐ. (സർവ്വെയർ ട്രേഡ്) സർട്ടിഫിക്കറ്റ് (തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് മുമ്പ് സർവ്വെ ഡയറക്ടറുടെ കീഴിൽ 2 ആഴ്ചത്തെ ലിത്തോഗ്രാഫിയിലും vandyke പ്രവർത്തനങ്ങളുടെ പരിശീലനം നൽകേണ്ടതാണ്.)<br>അല്ലെങ്കിൽ<br>iii) മിലിറ്ററി സർവ്വീസിൽ ഡ്രാഫ്റ്റ്സ്മാൻ ട്രേഡിലുള്ള 6 വർഷത്തെ പ്രവൃത്തി പരിചയം.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ ടെസ്റ്റും കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ ടെസ്റ്റും പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്.<br>മുകളിൽ പറഞ്ഞ സാങ്കേതിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ചെയിൻ സർവ്വേ പാസ്സായിട്ടുള്ളവരെ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ